ശ്രീ. ടി. കെ. ദിവാകരൻ : ടാംപേ നിറുത്തിയിട്ട് വളരെക്കാലമായി. അവിടെ ഒരു റീജിയണൽ വർക്ഷോപ്പ് നടന്നുപരുന്നുണ്ട്. ആ റീജിയണൽ വർക്ഷോപ്പ് വിപുലപ്പെടുത്തുന്ന പരിപാടിയില്ല. ഉള്ളവയെ കാര്യക്ഷമമായി നടത്തുന്ന കാര്യംമാത്രമേ ഗവണ്മെന്റ് പരിഗണിക്കുന്നുള്ളൂ.

ശ്രീ പി. എസ്. നമ്പൂതിരി : ഇന്നുള്ള റീജിയണൽ വർക്ഷോപ്പുകളും കുറെക്കൂടി നന്നാക്കി പ്രവർത്തിപ്പിക്കുകയാണെങ്കിൽ ജില്ലാ ലബോറട്ടറിയിലുള്ള റിപ്പയറുകളും അതാതു ജില്ലകളിൽത്തന്നെ നടത്താൻ സാധിക്കും. ആ നിലയിൽ ഈ വർക്ഷോപ്പുകളുടെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കാൻ വേണ്ട നിർദ്ദേശം കൊടുക്കുമോ ?

ശ്രീ ടി കെ. ദിവാകരൻ : ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. ഈ. ബാലാനന്ദൻ : ഗവണ്മെന്റിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളും നടത്തുന്ന ജോലികളും പി. ഡബ്ലിയു. ഡി. വർക്ഷോപ്പുകളിൽക്കൂടി നടത്താനുള്ള ഇന്റർ ഡിപ്പാർട്ടുമെന്റൽ സഹകരണം സമ്പാദിച്ച് ഇതിന്റെയെല്ലാം പ്രവർത്തനം കുറെക്കൂടി കാര്യക്ഷമമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ ടി കെ. ദിവാകരൻ : നമ്മുടെ ഡിപ്പാർട്ടുമെന്റുകളിലുള്ള എല്ലാ ജോലിയും തിരുവനന്തപുരത്തു കൊണ്ടുവന്നു നടത്തുക സാദ്ധ്യമല്ല. മറ്റു ഡിപ്പാർട്ടുമെന്റുകളുടെ സഹകരണം കൂടിയുണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം ഇന്നത്തേക്കാൾ കുറെക്കൂടി കാര്യക്ഷമമായി നടത്താൻ സാധിക്കും. ഈ വർക്ഷോപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഗവണ്മെന്റ് ചെയ്യുന്ന പ്രവർത്തനങ്ങളിൽ അതും ഉൾപ്പെടും.

നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പൊതുമേഖലാ വ്യവസായം

* 87. [96] ശ്രീ കെ. പുരുഷോത്തമൻപിള്ള:
,, എ പി കുര്യൻ: } താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1966–67 വർഷത്തിൽ നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഏതെങ്കിലും പൊതുമേഖലാ വ്യവസായങ്ങളും ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം ലാഭകരമാക്കി പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏവ;

(സി) ലാഭകരമായും നഷ്ടത്തിലും നടക്കുന്ന വ്യവസായസ്ഥാപനങ്ങൾ ഏവ;

(ഡി) പല വ്യവസായസ്ഥാപനങ്ങളും നഷ്ടത്തിൽ നടക്കുന്നതിന്റെ കാരണമെന്തെന്നു ഗവണ്മെന്റ് പരിശോധിച്ചിട്ടുണ്ടോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) 1967–68–ൽ ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. 1968–69–ലെ കണക്കുകളും ശരിയായിട്ടില്ലാത്തതുകൊണ്ടു പ്രവർത്തനം എങ്ങനെയായിരുന്നു എന്നു പറയാനാവില്ല.

(ബി) പ്രോത്സാഹനം ഉദിക്കുന്നില്ല.

(സി) 1967–68–ലെ കണക്കുകളനുസരിച്ച് ഗവണ്മെന്റുടമയിലുള്ള വ്യവസായസ്ഥാപനങ്ങളും.—

ലാഭത്തിൽ നടക്കുന്നവ—

LIBRARY ARCHIVES Kerala Legislative Assembly

1. ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, പുനലൂർ.
2. ട്രിവാൻഡ്രം റബ്ബർ വർക്സ് ലിമിറ്റഡ്, തിരുവനന്തപുരം.

നഷ്ടത്തിൽ നടക്കുന്നവ—

1. ട്രാവൻകൂർ സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, ബാലരാമപുരം.
2. കേരളാ എലക്ട്രിക്കൽ ആൻഡ് അലൈഡ് ഇഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കണ്ണൂർ.
3. കേരളാ സോമിക്സ് ലിമിറ്റഡ്, കണ്ണൂർ.
4. കേരളാ സോപ്സ് ആൻഡ് ആയിൽസ് ലിമിറ്റഡ്, കോഴിക്കോട്.

(ഡി) ഉണ്ട്.

ശ്രീ. കെ. പുരുഷോത്തമൻപിള്ള: 1968–69 വർഷത്തിൽ ട്രാവൻകൂർ കെമിക്കൽസ് ലാഭകരമായിട്ടാണോ, നഷ്ടത്തിലാണോ പ്രവർത്തിച്ചതെന്നു പറയാൻ കഴിയുമോ?

ശ്രീ ടി വി. തോമസ്: ലാഭകരമായി പ്രവർത്തിച്ചിട്ടുണ്ട്.

ശ്രീ കെ. പുരുഷോത്തമൻപിള്ള : ലാഭം എത്ര ലക്ഷം രൂപയാണെന്നു പറയാമോ?

ശ്രീ ടി. വി തോമസ്: കണക്കുകൾ തൽക്കാലം കൈവശമില്ല.

ശ്രീ. എ പി. കുര്യൻ: പല വ്യവസായസ്ഥാപനങ്ങളുടെയും പട്ടിക വായിച്ചതിൽ നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളിലെ വ്യവസായങ്ങളിൽ ചിലതു മാത്രമേ വായിച്ചുള്ളൂ. ശേഷിക്കുന്നതു് എന്തുകൊണ്ടാണു് പറയാത്തതു്?

ശ്രീ. ടി വി. തോമസ്: പൊതുമേഖലാ സ്ഥാപനങ്ങൾ എന്നു പറഞ്ഞാൽ ഗവണ്മെന്റിനു മാത്രം ഉടമയിലുള്ളതാണു്. ഗവണ്മെന്റിനു ഭാഗികമായിമാത്രം ഉടമസ്ഥതയുള്ള മിനെപ്പറ്റി അറിയണമെന്നുണ്ടെങ്കിൽ അവയുടെ ലിസ്റ്റ് വേണമെങ്കിൽ സഭയിലറിയിക്കാം.

ശ്രീ. കെ എം. മാണി: പുനലൂർ പേപ്പർ മില്ലിനെ സംബന്ധിച്ചു് അഴിമതി യാരോപണം പരിശോധിക്കുകയും അതുസംബന്ധിച്ചു് ഒരു വിജിലൻസ് കമ്മീഷൻ അന്വേഷണം നടത്തുകയും ചെയ്തതായി അറിയുന്നുണ്ടു്. കമ്മീഷന്റെ റിപ്പോർട്ടു് പ്രസിദ്ധം ചെയ്യുന്നതിനു് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ ടി. വി. തോമസ്: പുനലൂർ പേപ്പർ മില്ലു് ഇതിൽ ഉൾപ്പെടുന്നില്ല.

ശ്രീ എൻ. കെ. ശേഷൻ: വ്യവസായങ്ങളും നഷ്ടത്തിൽ നടക്കുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടെന്നു മന്ത്രി ഉത്തരത്തിൽ പറഞ്ഞു. ആരാണു് പരിശോധിച്ചതു്; പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശം നടപ്പിലാക്കാൻ എന്തു ചെയ്തിട്ടുണ്ടു്?

ശ്രീ. ടി. വി. തോമസ്: ഓരോ വ്യവസായത്തിന്റെയും പ്രത്യേകത പരിഗണിച്ചുകൊണ്ടു് അതിനു യോഗ്യതയുള്ള ആളുകളെയാണു് നിയമിച്ചിട്ടുള്ളതു്. ആ റിപ്പോർട്ടുകളും പഠിച്ചുകഴിഞ്ഞിട്ടുണ്ടു്; ചില നടപടികളും സ്വീകരിച്ചിട്ടുണ്ടു്.

ശ്രീ ഇ ചന്ദ്രശേഖരൻ നായർ: പൊതുമേഖലാ വ്യവസായത്തെ സംബന്ധിച്ചിടത്തോളം ലാഭകരമായി നടക്കുന്നതിനു കാരണം അത്തരം വ്യവസായങ്ങളും നടത്തുന്നതിനു മാനേജ്മെന്റും ഇല്ലാത്തതുകൊണ്ടും അതു പാലേ അവിടത്തെ അക്കൗണ്ടിംഗ് സമ്പ്രദായവുമാണെന്നും പ്രധാനമന്ത്രി പറഞ്ഞിരിക്കുന്നതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതനുസരിച്ചു് വ്യവസായങ്ങളും സംഘടിപ്പിക്കുന്നതിനു ശ്രമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: നമ്മുടെ വ്യവസായങ്ങളെപ്പറ്റിയൊന്നും പ്രധാന മന്ത്രി പറഞ്ഞതായി എനിക്കറിവില്ല. നമ്മുടെ വ്യവസായസ്ഥാപനങ്ങൾ ലാഭകരമായി നടക്കാത്തതിന് ഇത്രമാത്രമല്ല കാരണം. ദോഷം ജന്മത്തിൽത്തന്നെയുണ്ടായിട്ടുള്ളതാണ്.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: കേരള സോപ്പ് വ്യവസായം നഷ്ടത്തിലാണ് നടക്കുന്നതെന്നു പറയുകയുണ്ടായി. അടുത്തകാലത്തു് അവിടെ വല്ല പുതിയ തസ്തികയും സൃഷ്ടിച്ചിട്ടുണ്ടോ; അതിന്റെ ഫലമായി കൂടുതൽ നഷ്ടം വരുന്നതിനു വല്ല സാദ്ധ്യതയും ഉണ്ടോ?

ശ്രീ. ടി. വി. തോമസ്: ഒരു വ്യവസായസ്ഥാപനം ലാഭകരമായി നടക്കണമെങ്കിൽ അതു നടത്തുന്നതിനു കഴിവുള്ള ആളുകളെ കണ്ടുപിടിച്ചു നിയമിക്കണം. അങ്ങനെ കണ്ടുപിടിച്ചു നിയമിക്കുമ്പോൾ കൂടുതൽ ശമ്പളം കൊടുക്കണം. അപ്പോൾ അതുമൂലം നഷ്ടം വന്നു എന്നു പറയുന്നതു് സഹായകമായ സമീപനമല്ല.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: കേരള സോപ്പ് ഫാക്ടറിയിൽ ഇപ്പോൾ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ആളുകളുടെ ഒഴിവുവന്നതു് നികത്താത്തതുകൊണ്ടാണു് നഷ്ടം വന്നതെന്നുള്ളതു് ശരിയാണോ?

ശ്രീ. ടി. വി. തോമസ്: അതിനു പറ്റിയ ആളെ കിട്ടാൻ വിഷമമുണ്ടു്. ഇതിനുവേണ്ടി സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ആളുകളെ കണ്ടുപിടിക്കാൻ ശ്രമിച്ചിട്ടു് ഇതുവരെ കഴിഞ്ഞിട്ടില്ല.

ശ്രീ. കെ. കരുണാകരൻ: കേരളത്തിലെ സോപ്പ് വ്യവസായം ലാഭകരമാകാതിരിക്കുകയും അതേയവസരത്തിൽ മൈസൂർ സ്റ്റേറ്റു് സോപ്പുവ്യവസായത്തിന്റെ കാര്യത്തിൽ മുന്നിട്ടു നിൽക്കുകയും ചെയ്യുന്നതുകൊണ്ടു് ഇതിന്റെ താരതമ്യപഠനം ചെയ്തു പ്രശ്നം പരിഹരിക്കാൻ വേണ്ട ഏർപ്പാടു ചെയ്യുമോ?

ശ്രീ. ടി. വി. തോമസ്: ഇതൊക്കെയാണു് അന്വേഷണവിധേയമായിട്ടുള്ളതു്. കേരള സോപ്പു് ആരംഭിച്ചതു് ടെയിനിംഗ് യൂണിറ്റായിട്ടാണു്. അതു കഴിഞ്ഞു് പ്രൊഡക്ഷൻ-കം-ടെയിനിംഗ് സെൻറാക്കി. അതുകഴിഞ്ഞു് പ്രൊഡക്ഷൻ സെൻറാക്കി മാറിയിരിക്കുകയാണു്. ഇങ്ങനെ മാറുമ്പോൾ അതനുസരിച്ചുള്ള സംവിധാനവുമുണ്ടാകണം. ഇതൊന്നും അവിടെയുണ്ടായിട്ടില്ല. വിദഗ്ദ്ധന്മാരൊക്കെ ആവശ്യമാണു്.

ശ്രീ. കെ. എം. ജോർജ്ജ്: കേരള സോപ്പ് ഫാക്ടറിയിൽ അവരുടെ സെയിൽസ് മുതലായ കാര്യങ്ങളിൽ വാസനയില്ലാതെ പെരുമാറുന്നതുകൊണ്ടും കൗണ്ടറിൽ വിൽക്കുന്ന സോപ്പിനുപോലും കൂടുതൽ വില ഈടാക്കുന്നതുകൊണ്ടുമാണു് നഷ്ടം വരുന്നതെന്നു് പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശം വച്ചിരിക്കുന്നതു് ഗവണ്മെൻറു് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: ഗവണ്മെൻറു് പരിശോധിച്ചിട്ടുണ്ടു്. അതിൽ ആവശ്യമായ വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ടു്.

ശ്രീ. എം. രാമുണ്ണി: കേരള സോപ്പ് ഫാക്ടറിയിൽ പുതുതായി സ്ഥാപിച്ച മെബോളിക് പ്ലാൻറിന്റെ പ്രവർത്തനം അറിയുന്ന ആളില്ല. അതിനുവേണ്ടി റിട്ടയർചെയ്ത മാനേജരെ ടെയിനിങ്ങിനു് അയച്ചിട്ടുണ്ടെന്നു പറയുന്നതു ശരിയാണോ; എന്തുകൊണ്ടാണു് റിട്ടയർ ചെയ്ത ആളെ ടെയിനിങ്ങിനയച്ചതു്?

ശ്രീ. ടി. വി. തോമസ്: റിട്ടയർചെയ്ത മാനേജിംഗ് ഡയറക്ടറെ അയച്ചതു് ടെയിനിംഗിനല്ല. മെഷിനറി ഡെലിവറി എടുക്കാനാണു്. ഈ പ്ലാൻറു് പ്രവർത്തിപ്പിക്കാൻ അറിയുന്ന ഒരാളെ തൽക്കാലം അയച്ചതാണെന്നും അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെവന്നിട്ട് ഇവിടെയുള്ളവർക്ക് ട്രെയിനിംഗ് കൊടുക്കാമെന്നും സമ്മതിച്ചിട്ടുണ്ട്. ആ ആറ് വന്നുകഴിഞ്ഞാൽ ട്രെയിനിംഗ് കിട്ടിയ ആളുകൾക്ക് കഴപ്പും ഉണ്ടാവുകയില്ല.

ശ്രീ. കെ. ഐ. രാജൻ : പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായി നടത്താൻ താല്പര്യമില്ലെന്നും മനപൂർവ്വം നഷ്ടമുണ്ടാക്കിക്കൊണ്ട് സ്വകാര്യമേഖലയെ സഹായിക്കുകയാണെന്നും പരാതി ഉണ്ടായിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ് : പൊതുവെ അങ്ങനെ ഒരു അഭിപ്രായഗതി ഉണ്ട്.

ശ്രീ എ. എസ്. എൻ. നമ്പീശൻ : സർക്കാർ ഉടമയിലുള്ള വ്യവസായ സ്ഥാപനങ്ങൾ നടത്തുന്നതിൽ നഷ്ടം വരുന്നതിനെ സംബന്ധിച്ചും, അത് ലാഭകരമായി നടത്താനുള്ള കാര്യങ്ങളെ സംബന്ധിച്ചും 1968—69—ലെ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ നിർദ്ദേശം ഗവണ്മെൻറിന്റെ പരിഗണനയിൽ വന്നിട്ടുണ്ടോ; അതിനെ സംബന്ധിച്ച് ഗവണ്മെൻറ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ് : എസ്റ്റിമേറ്റ് കമ്മിറ്റിയും, പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയും ചെയ്തിരിക്കുന്നത് അഡ്മിനിസ്ട്രേറ്റീവ്. കാര്യത്തിലേക്കുള്ള ശുപാർശകളാണ്. സാങ്കേതിക സംഗതികളല്ല. അതുകൊണ്ട് ഒരു സാങ്കേതിക പുനഃസംഘടന നടത്തുകയാണ്.

ശ്രീ. ആർ എസ്. ഉണ്ണി : പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ ഡയറക്ടർ ബോർഡുകളെ സംബന്ധിച്ചിടത്തോളം അഡ്മിനിസ്ട്രേഷന്റെ കാര്യത്തിൽ കാണുന്ന ചില പാകപ്പിഴകളും മറ്റു കാര്യങ്ങളും വച്ചുകൊണ്ട് ഇതൊക്കെ പുനഃസംഘടിപ്പിക്കേണ്ടതാണെന്ന് ഒരു നിർദ്ദേശം എസ്റ്റിമേറ്റ് കമ്മിറ്റി വച്ചിട്ടുണ്ടായിരുന്നു. ഇത് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ടി. വി. തോമസ് : അതാണ് അഡ്മിനിസ്ട്രേറ്റീവെന്ന ഞാൻ പറഞ്ഞത്. ആ നിർദ്ദേശം അംഗീകരിച്ച് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ഇ. ജോൺ ജേക്കബ് : പൊതുമേഖലയെ സംബന്ധിച്ച് പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ടിൽ പൊതുവിലുള്ള ചില അഭിപ്രായങ്ങളും പറഞ്ഞിട്ടുണ്ട്. അതിനകത്തു പറഞ്ഞിരിക്കുന്ന ഒരു പ്രധാന കാരണം മാനേജിംഗ് ഡയറക്ടറായിട്ട് വരുന്ന ആളും ഈ വ്യവസായത്തെ സംബന്ധിച്ചും, വ്യവസായത്തിന്റെ ശരിയായിട്ടുള്ള നടത്തിപ്പിനെ സംബന്ധിച്ചും വൈദഗ്ദ്ധ്യമുള്ള ആളായിരിക്കണമെന്നും ഇങ്ങനെയുള്ള ആളുകളെ മാത്രമേ അവിടെ നിയമിക്കാവൂ എന്നും പറഞ്ഞിട്ടുണ്ട്. ഇക്കാര്യം ഗവണ്മെൻറ് കണക്കാക്കിയിട്ടുണ്ടോ ?

ശ്രീ. ടി. വി. തോമസ് : ആ നിർദ്ദേശത്തിന്റെ സ്പിരിറ്റ് ഗവണ്മെൻറ് അംഗീകരിക്കുന്നു. അതേയവസരത്തിൽ ഗവണ്മെൻറിന്റെ പണം കൈകാര്യം ചെയ്യുന്ന കസ്റ്റോഡിയനെ വെളിയിൽനിന്നു് നിയമിക്കാൻ ഒക്കുകയില്ല, അദ്ദേഹം ഗവണ്മെൻറിന്റെ ഉദ്യോഗസ്ഥനായിരിക്കണം. ഒരു പ്രൊഡക്ഷൻ മാനേജരേയോ അല്ലെങ്കിൽ ചെയർമാനേയോ വേണമെങ്കിൽ വെളിയിൽനിന്നെടുക്കാം. അതല്ലാതെ എല്ലാ വ്യവസായത്തിലും മാനേജർ അനുദ്യോഗസ്ഥൻ ആയിരിക്കണമെന്നു നിർദ്ദേശിക്കുന്നതു പ്രായോഗികമായിരിക്കുകയില്ല.

ശ്രീ. എൻ. കെ. ശേഷൻ : കേരള സോപ്പ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യം പറഞ്ഞുകൂട്ടത്തിൽ പാരമ്പര്യമായി വൈദഗ്ദ്ധ്യമുള്ള ആളുകൾ കുറവാണെന്നും അതുകൊണ്ടാണ് നഷ്ടം ഉണ്ടാകുന്നതെന്നും പറഞ്ഞു. സാങ്കേതികമായി വൈദഗ്ദ്ധ്യമുള്ളവർ ഇല്ലാത്തതുകൊണ്ട് അനേകായിരം കട്ട സോപ്പ് ഡിസ്ട്രക്ഷനാകുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ് : സാങ്കേതികമായി വൈഗ്ധ്യവും പരിശീലനവും ഉള്ളവരുടെ കുറവല്ല. ഇതിനുപയോഗിച്ച വസ്തുവിന്റെ ക്വാളിറ്റി കുറവാണ്. ആ സോപ്പ് ആവശ്യപ്പെട്ടാലും കൊടുക്കരുതെന്നു് ഗവണ്മെന്റു് നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. എ. വി. ആര്യൻ: തൃശ്ശൂരിലുള്ള സീതാറാം സ്പിന്നിംഗ് മില്ലിലെ മെഷീൻ കേടായി നശിച്ചു പോവുകയാണു്. അതിന്റെ ഉടമസ്ഥനു് വന്നിച്ച നഷ്ടപരിഹാരം കൊടുക്കേണ്ടിവരുമെന്നു പറയുന്നതു ശരിയാണോ; അതു് പ്രവർത്തിപ്പിക്കുന്നതിനു് എന്തെങ്കിലും നടപടി എടുക്കാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. വി. തോമസ്: ചീത്തയാകുകയാണെങ്കിൽ നഷ്ടപരിഹാരം ഗവണ്മെന്റു് കൊടുക്കേണ്ട ആവശ്യമില്ല. കാരണം മെഷീനറിയുടെമേൽ ഗവണ്മെന്റിനു് ഉടമാവകാശമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ കമ്പനികളിലേയ്ക്കു് കിട്ടുന്ന ഓർഡറുകൾ പുറത്തു ടെൻഡർ കൊടുത്തു ചെയ്യിക്കുന്നതിന്റെ ഫലമായിട്ടുണ്ടായിട്ടാണു് നഷ്ടം വരുന്നതെന്നു് പരാതിയുണ്ടു്. ഇക്കാര്യം ഗവണ്മെന്റു് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മേലിൽ അങ്ങനെ പുറത്തു ടെൻഡർ കൊടുത്തു ചെയ്യിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. വി. തോമസ്: ഈ കമ്പനിക്കുകിട്ടുന്ന ഓർഡറുകൾ പുറത്തു ടെൻഡർ കൊടുത്തു ചെയ്യിക്കുന്ന യാതൊരു സംവേവും അടുത്തകാലത്തൊന്നും ഉണ്ടായിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മാവില ഇലക്ട്രിക്കൽ ആൻറ് അലൈഡ് ഇൻഡസ്ട്രീസിനു ഇങ്ങനെ പ്രവർത്തിക്കുന്നതായി അവിടെയുള്ള യൂണിയൻ കൊടുത്തിട്ടുള്ള മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുണ്ടു്. അതിനെസംബന്ധിച്ചു് അന്വേഷിക്കാമോ?

ശ്രീ. ടി. വി. തോമസ്: കെട്ടിടത്തിന്റെ കാര്യത്തിൽ ടെൻഡർ കൊടുത്തിട്ടുണ്ടാകാം. അല്ലാതെ സാധനങ്ങൾ നിർമ്മിക്കുന്നതിനു ടെൻഡർ കൊടുത്തിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അവിടെയുള്ള യൂണിയൻ ഔദ്യോഗികമായി കൊടുത്തിട്ടുള്ള മെമ്മോറാണ്ടത്തിൽ നഷ്ടം വരാനുള്ള ഒരു പ്രധാന കാരണം ഇതാണെന്നു ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അതു പരിശോധിക്കാമോ?

ശ്രീ. ടി. വി. തോമസ്: മാവില ഇൻഡസ്ട്രീസ് തുടങ്ങിയിട്ടു് ഒരു മാസം പോലും ആയിട്ടില്ല. ഇതിനകം യൂണിയൻ നിവേദനം തന്നിട്ടുണ്ടെന്നു് എനിക്കു വിശ്വസിക്കുവാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട മെമ്പറുടെ കൈയിൽ അതിന്റെ കോപ്പി ഉണ്ടെങ്കിൽ അതിനെപ്പറ്റി പരിശോധിക്കാം.

ശ്രീ. എ. വി. ആര്യൻ: എന്റെ ചോദ്യത്തിനു് തൃശ്ശൂർ സീതാറാം മിൽ പെട്ടെന്നതന്നെ തുറന്നു നടത്തുന്നതാണെന്നു് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഗവണ്മെന്റിന്റെ കസ്റ്റഡിയിലല്ലെങ്കിൽ പിന്നെ എങ്ങനെയാണു് പ്രവർത്തിക്കുക?

ശ്രീ. ടി. വി. തോമസ്: ഗവണ്മെന്റിന്റെ കസ്റ്റടിയിലെടുക്കാൻ കോടതിയിൽ അപേക്ഷ കൊടുത്തു. ആ അപേക്ഷ കോടതി തള്ളിയിരിക്കുകയാണു്. അതിന്മേൽ അപ്പീൽ കൊടുത്തിരിക്കുകയാണു്.

ശ്രീ. കെ. എം. മാണി: നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെസംബന്ധിച്ചിടത്തോളം ഒരു റിപ്പോർട്ടു് വന്നുകയും അതിന്റെ അടിസ്ഥാനത്തിൽ ചില നടപടികളെടുക്കുകയും ചെയ്തുവെന്നു പറയുകയുണ്ടായി. അതിൽ പ്രധാന നടപടികളുടെ രൂപം വ്യക്തമാക്കുമോ?

ശ്രീ. ടി. വി. തോമസ്: ഈ പറയുന്ന വ്യവസായ സ്ഥാപനങ്ങളുടെ നടത്തിപ്പിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഒരു രൂപം വേണമെങ്കിൽ ഇപ്പോൾ അസംബ്ലി തീരുന്നതിനുമുൻപു് ഈ സഭയിൽ അവതരിപ്പിക്കാം.